# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 277

11.12.2018 - ലെ
മറുപടിയ്ക്ക്

## അന്താരാഷ്ട്ര കാർഷിക വികസനനിധിയുടെ സഹായത്താലുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ. ബഷീർ<br>ഡോ.എം.കെ. മുനീർ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ. അബ്ദുൾ ഹമീദ് പി. | ശ്രീ. വി.എസ്. സുനിൽ കുമാർ<br>( കൃഷി വകുപ്പ് മന്ത്രി) |
| (എ) ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള അന്താരാഷ്ട്ര കാർഷിക വികസനനിധിയുടെ സഹായത്തോടെ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള അന്താരാഷ്ട്ര കാർഷിക വികസനനിധിയുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിക്കായി 745 കോടി രൂപയുടെ ഒരു പ്രോപ്പോസൽ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. 500 കോടി രൂപ അന്താരാഷ്ട്ര കാർഷിക വികസനനിധി വിഹിതവും 245 കോടി രൂപ കേരള സർക്കാർ വിഹിതവുമായിട്ടുള്ള പ്രോജക്റ്റാണ് തയ്യാറാക്കിയത്. കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. |
| (സി) പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ? | (സി) വീട്ടുവളപ്പിലെ സംയോജിത കൃഷി അസൂത്രണം, കർഷകർക്കായുള്ള ധന സഹായം, കാർഷിക സേവനങ്ങൾക്കുള്ള പദ്ധതികൾ, പൊതുവായുള്ള അടിസ്ഥാന സൗകര്യത്തിനുള്ള പദ്ധതികൾ, വീട്ടുവളപ്പിലെ കാർഷിക ഉൽപ്പാദന സംഭരണ മോഡലുകൾ സ്ഥാപിക്കൽ, നിലവിലുള്ള വിപണികളെ പുനരുജ്ജീവിപ്പിക്കൽ, വിപണി നടത്തിപ്പിന് മൂലധന സൗകര്യം ഒരുക്കുക, കാർഷികോൽപ്പാദന സംഘങ്ങ |

ളുടെ ശാക്തീകരണം, മനുഷ്യ വിഭവ ശേഷി വികസനം (അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന) ഗ്രാമീണ കണ്ടുപിടിത്തം പ്രോൽസാഹിപ്പിക്കുന്നതു വഴി സുസ്ഥിര കൃഷി വികസനവും, ഗ്രാമീണ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക, വീട്ടുവളപ്പിൽ വളർത്തുന്നതിന് അനുയോജ്യമായ വിളകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവ നടപ്പാക്കുന്നതിനായുള്ള പ്രോജക്റ്റാണ് തയ്യാറാക്കിയത്.

Saira. V

സെക്ഷൻ ഓഫീസർ